REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 23-07-2024** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- മൂന്നാം നരേന്ദ്രമോദി ഗവൺമെന്റിന്റെ ആദ്യബജറ്റ് ഇന്ന്. ധനമന്ത്രി നിർമ്മലാ സീതാരാമൻ രാവിലെ 11-ന് ലോക്സഭയിൽ ബജറ്റ് അവതരിപ്പിക്കും.
- കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി ഇന്ന് എട്ടാം ദിവസവും രാവിലെ തെരച്ചിൽ തുടങ്ങും .
- നിപ പരിശോധന സൗകര്യങ്ങളോടു കൂടിയ മൊബൈൽ BSL-3 ലാബ് കോഴിക്കോട്ടെത്തിച്ചു.
- സംസ്ഥാനത്ത് അടുത്ത നാല് ദിവസം ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ദാംബുള്ളയിൽ ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റ് മത്സരത്തിൽ ശ്രീലങ്ക 144 റൺസിന് മലേഷ്യയെ തോൽപ്പിച്ചു.

## വാർത്തകൾ വിശദമായി

**മൂന്നാം നരേന്ദ്രമോദി ഗവൺമെന്റിന്റെ ആദ്യബജറ്റ് ഇന്ന്. ധനമന്ത്രി നിർമ്മലാ സീതാരാമൻ രാവിലെ 11-ന് ലോക്സഭയിൽ ബജറ്റ് അവതരിപ്പിക്കും. ബജറ്റിന് മുന്നോടിയായി ഇന്നലെ, പാർലമെന്റിൽ കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവെ മേശപ്പുറത്തു വെച്ചു.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)...**

നിർമ്മലാ സീതാരാമൻ തുടർച്ചയായി ഏഴാം തവണയാണ് പാർലമെന്റിൽ ബജറ്റ് അവതരിപ്പിക്കുന്നത്. ലോക്സഭയിൽ ബജറ്റ് അവതരിപ്പിച്ചശേഷം രാജ്യസഭയിലും ബജറ്റ് മേശപ്പുറത്തു വെയ്ക്കും. കാർഷിക ശാസ്ത്രജ്ഞരിൽ നിന്നും, കർഷക സംഘടനകളിൽ നിന്നും, തൊഴിൽ സംഘടനകളിൽ നിന്നും, ആരോഗ്യ- വിദ്യാഭ്യാസ മേഖലയിൽ നിന്നുമുൾപ്പെടെ വിവിധ രംഗങ്ങളിലെ പ്രതിനിധികളിൽ നിന്ന് നിർമ്മലാ സീതാരാമൻ ബജറ്റ് പൂർവ്വ ചർച്ച നടത്തിയിരുന്നു. ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾക്ക് ബജറ്റ് അർഹമായ പരിഗണന നൽകുമെന്ന് നിർമ്മലാ സീതാരാമൻ അറിയിച്ചിരുന്നു.

ഇന്നലെ പാർലമെന്റിൽ സമർപ്പിച്ച സാമ്പത്തിക സർവെയിൽ രാജ്യത്തിന്റെ വളർച്ചാനിരക്ക് ആറര മുതൽ ഏഴ് ശതമാനം വരെ ആയിരിക്കുമെന്ന് വിലയിരുത്തി. സാമ്പത്തിക സർവെ രാജ്യത്തിന്റെ സമ്പദ് രംഗത്തിന്റെയും, ഗവൺമെന്റ് കൊണ്ടുവന്ന പരിഷ്ക്കരണങ്ങളുടെയും ഗുണഫലങ്ങൾ പ്രകടമാക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി സാമൂഹ്യമാധ്യമ പോസ്റ്റിൽ കുറിച്ചു. വികസിത് ഭാരത് ലക്ഷ്യപ്രാപ്തിയ്ക്ക് തുടർന്നും വളർച്ചയും വികാസവും നേടേണ്ട മേഖലകളെക്കുറിച്ച് സർവെ വ്യക്തമായ ദിശാബോധം നൽകുന്നതായി പ്രധാനമന്ത്രി വിലയിരുത്തി.

✪✪✪

മലയാളമുൾപ്പെടെ ആറ് ഇന്ത്യൻ ഭാഷകൾക്ക് ശ്രേഷ്ഠ ഭാഷാ പദവി നൽകിയിട്ടുണ്ടെന്ന് കേന്ദ്രമന്ത്രി ഗജേന്ദ്രസിംഗ് ഷെഖാവത്ത് ലോക്സഭയെ അറിയിച്ചു. ശ്രേഷ്ഠഭാഷകളടക്കം എല്ലാ ഇന്ത്യൻ ഭാഷകളെയും പ്രോത്സാഹിപ്പിക്കാൻ കേന്ദ്രം പ്രതിബദ്ധമാണെന്ന് രേഖാമൂലം നൽകിയ മറുപടിയിൽ അദ്ദേഹം വ്യക്തമാക്കി. പുതിയ വിദ്യാഭ്യാസ നയവും, ഭാഷകളുടെ പ്രോത്സാഹനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. ശ്രേഷ്ഠ ഭാഷകളായി തിരഞ്ഞെടുത്ത മലയാളം, കന്നഡ, തെലുങ്ക്, ഒഡിയ ഭാഷകളുടെ പ്രോത്സാഹനത്തിന് സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യൻ ലാംഗ്വേജസ് പ്രവർത്തിച്ചുവരികയാണ്.

മലയാളത്തിന്റെ ശ്രേഷ്ഠഭാഷാ പദവിയുമായി ബന്ധപ്പെട്ട പദ്ധതി നിർദ്ദേശങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ലെന്നും ഷെഖാവത്ത് മറുപടിയിൽ അറിയിച്ചു.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട്ടെ അർജുനായി തെരച്ചിൽ രാവിലെ ആരംഭിക്കും. കൂടുതൽ നാവികസേനാംഗങ്ങളും, ആധുനിക ഉപകരണങ്ങളും ഇന്നത്തെ തിരച്ചിലിൽ പങ്കെടുക്കും. അർജ്ജുനെ കാണാതായിട്ട് ഇന്ന് എട്ടാം ദിവസമാണ്.

റഡാർ സിഗ്നൽ പ്രകാരം ഇന്നലെ കരയിൽ തിരച്ചിൽ നടത്തിയെങ്കിലും ലോറി കണ്ടെത്താനായില്ല. തീരത്തു നിന്നു മാറി പുഴയുടെ എട്ടു മീറ്റർ ആഴത്തിൽ ലഭിച്ച സിഗ്നൽ കേന്ദ്രീകരിച്ചായിരിക്കും ഇന്നത്തെ തിരച്ചിൽ.

✪✪✪

നിപ പരിശോധന സൗകര്യങ്ങളോടു കൂടിയ മൊബൈൽ BSL-3 ലാബ് കോഴിക്കോട്ടെത്തിച്ചു. പൂനെ നാഷനൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് മൊബൈൽ ലാബ് കൊണ്ടുവന്നത്. ഇന്നലെ രാവിലെ എത്തേണ്ടിയിരുന്ന ലാബ്, മഴയും റോഡ് തടസ്സങ്ങളും മൂലം വൈകിയാണ് കോഴിക്കോട് എത്തിയത്.

ഇന്ത്യൻ മെഡിക്കൽ ഗവേഷണ കൗൺസിൽ സംഘം ഇന്നലെ കോഴിക്കോട് മെഡിക്കൽ കോളേജ് സന്ദർശിച്ചു. മെഡിക്കൽ കോളേജിലെ വൈറോളജി ലാബ് നേരിൽക്കണ്ട് സ്ഥിതിഗതികൾ വിലയിരുത്തി. മെഡിക്കൽ കോളേജ് പ്രിൻസിപ്പലുമായി നിപ പ്രതിരോധ സംവിധാനങ്ങളെ കുറിച്ചും, ഒരുക്കങ്ങളെ കുറിച്ചും സംഘം ചർച്ച നടത്തി.

തുടർന്ന് മഞ്ചേരി മെഡിക്കൽ കോളേജിലേക്ക് സംഘം യാത്ര തിരിച്ചു. ലാബിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനു വേണ്ടി ICMR സംഘം വീണ്ടും കോഴിക്കോട് മെഡിക്കൽ കോളേജിലെത്തും.

✪✪✪

നിപ ബാധിച്ച് 14 കാരൻ മലപ്പുറം ജില്ലയിൽ മരിച്ച സാഹചര്യത്തിൽ കണ്ണൂർ ജില്ലയിൽ ആരോഗ്യവകുപ്പ് ജാഗ്രത കർശനമാക്കി.

വിശദാംശങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....(വോയ്സ്).........

✪✪✪

NEET-UG പരീക്ഷയിലെ ഫിസിക്സ് ചോദ്യത്തിന്റെ ശരി യായ ഉത്തരമായി രണ്ട് ഓപ്ഷനുകൾ പരിഗണിക്കാമെന്ന നാഷണൽ

ടെസ്റ്റിംഗ് ഏജൻസിയുടെ തീരുമാനത്തിൽ അഭിപ്രായം അറിയിക്കാൻ വിദഗ്ധ സമിതി രൂപീകരിക്കുന്നതിന് ഡൽഹി IITയോട് സുപ്രീം കോടതി ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഇന്ന് ഉച്ചയ്ക്ക് 12 നകം സുപ്രീം കോടതി രജിസ്ട്രാറെ അഭിപ്രായം അറിയിക്കണമെന്ന് ചീഫ് ജസ്റ്റിസ് DY ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് നിർദേശിച്ചു. NEET-UG പരീക്ഷാ നടത്തിപ്പിലെ ക്രമക്കേടുകൾ ആരോപിച്ച് സമർപ്പിച്ച ഹർജികളിലാണ് കോടതി നിർദേശം. കേസ് കൂടുതൽ വാദം കേൾക്കുന്നതിനായി ഇന്ന് പരിഗണിക്കും.

✪✪✪

ബാങ്കുകൾ ഉപഭോക്തൃ പരാതികൾ ഗൗരവമായി കാണണമെന്ന് RBI ഡെപ്യൂട്ടി ഗവർണർ M രാജേശ്വര റാവു നിർദ്ദേശിച്ചു. ബാങ്കുകളുടെ പ്രവർത്തനത്തിന്റെ ഫീഡ്ബാക്കായി ഇവ പരിഗണിക്കണം. മുംബൈയിൽ ബാങ്കിംഗ് ഫിനാൻഷ്യൽ സർവീസസ് ആന്റ് ഇൻഷുറൻസ് ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു രാജേശ്വര റാവു.

✪✪✪

സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിന്റെ രണ്ടാം സപ്ലിമെന്ററി അലോട്മെന്റിന് അപേക്ഷ ഇന്ന് കൂടി പുതുക്കി നൽകാം. സ്കൂളുകളിൽ ഒഴിവ് വന്ന സീറ്റുകൾ വെബ്സൈറ്റിൽ നൽകിയിട്ടുണ്ട്. വൈകിട്ട് അഞ്ച് വരെയാണ് അപേക്ഷ പുതുക്കി നൽകാൻ സമയം നൽകിയിരിക്കുന്നത്.

✪✪✪

കോളേജുകളിൽ അടിസ്ഥാന വികസനത്തോടൊപ്പം അക്കാദമിക് ഉള്ളടക്കത്തിലും മാറ്റം വരുത്തേണ്ടതുണ്ടെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. റൂസ പദ്ധതി പ്രകാരം 568 കോടി രൂപ ചെലവിൽ 162 കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു വരികയാണെന്ന് അവർ അറിയിച്ചു. നെന്മാറ N.S.S കോളേജിൽ റൂസ പദ്ധതി പ്രകാരം രണ്ടുകോടി രൂപ ചിലവിൽ നിർമ്മിച്ച കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

N.S.S, N.C.C യുടെയും പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ ഉത്തരവാദിത്വം പുലർത്തുന്ന വിദ്യാർത്ഥികളെ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് മന്ത്രി ഡോ.R.ബിന്ദു അഭിപ്രായപ്പെട്ടു. അതിന് ഉദാഹരണമാണ് സംസ്ഥാനത്ത്

ഈ വർഷം 1,000 സ്നേഹവീടുകൾ നിർമിച്ചു നൽകുന്നതെന്നും മന്ത്രി പറഞ്ഞു. പാലക്കാട് അയിലൂർ I H R D കോളേജ് ഓഫ് അപ്ലൈഡ് സയൻസസിലെ N.S.S യൂണിറ്റ് നിർമ്മിച്ച വീടിന്റെ താക്കോൽ കൈമാറുകയായിരുന്നു മന്ത്രി.

✪✪✪

ദാംബുള്ളയിൽ ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റ് ഗ്രൂപ്പ്-B മത്സരത്തിൽ ആതിഥേയരായ ശ്രീലങ്ക 144 റൺസിന് മലേഷ്യയെ തോൽപ്പിച്ചു. ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക നിശ്ചിത 20 ഓവറിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 184 റൺസെടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ മലേഷ്യയ്ക്ക് 40 റൺസിന് പുറത്തായി .

ഗ്രൂപ്പ് B യിലെ മറ്റൊരു മത്സരത്തിൽ ബംഗ്ലാദേശ് തായ്‌ലൻഡിനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി.

✪✪✪

കണ്ണൂർ ഉദയഗിരി ഗ്രാമപഞ്ചായത്തിലെ മണ്ണാത്തികുണ്ട് സ്വകാര്യ വ്യക്തിയുടെ ഫാമിൽ ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചു. ഫാമിലെയും, ഒരു കിലോ മീറ്റർ ചുറ്റളവിലെയും മുഴുവൻ പന്നികളെയും അടിയന്തിരമായി ഉന്മൂലനം ചെയ്ത് മാനദണ്ഡങ്ങൾ പ്രകാരം സംസ്കരിക്കാൻ ജില്ലാ കലക്ടർ ഉത്തരവിട്ടു. ഫാം ഉൾപ്പെടുന്ന ഒരു കീലോമീറ്റർ പ്രദേശം രോഗ ബാധിത മേഖലയായിും, 10 കീലോമീറ്റർ ചുറ്റളവ് രോഗ നിരീക്ഷണ മേഖലയായും പ്രഖ്യാപിച്ചു. ഈ പ്രദേശങ്ങളിൽ പന്നിമാംസം വിതരണം ചെയ്യുന്ന മാംസശാലകളുടെ പ്രവർത്തനവും, പന്നികളെ ജില്ലയിലെ മറ്റു പ്രദേശങ്ങളിൽ കൊണ്ടുപോകുന്നതും മൂന്ന് മാസത്തേക്ക് നിരോധിച്ചു.

പന്നിപനിയെ തുടർന്ന് ദയാവധം ചെയ്ത 701 പന്നികൾക്കും, നശിപ്പിച്ച തീറ്റക്കും നഷ്ടപരിഹാരമായി 36 ലക്ഷത്തി 4, 810 രൂപ മന്ത്രി J.ചിഞ്ചുറാണി ഇന്നലെ വിതരണം ചെയ്തു.

✪✪✪

കണ്ണൂർ ജില്ലാ അഗ്രി -ഹോർട്ടികൾച്ചറൽ സൊസൈറ്റി സംഘടിപ്പിച്ച കണ്ണൂർ പുഷ്പോത്സവത്തിന്റെ ഭാഗമായ മാധ്യമ പുരസ്കാരങ്ങൾ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി വിതരണം ചെയതു. ശ്രവ്യ മാധ്യമ വിഭാഗത്തിൽ സമഗ്ര സംഭാവന പുരസ്കാരം കണ്ണൂർ ആകാശവാണി നിലയത്തിനാണ്. മികച്ച റിപ്പോർട്ടിംഗിന് ആകാശവാണി കണ്ണൂർ ജില്ലാ

പ്രതിനിധി K.O ശശിധരനും, പ്രോഗ്രാം വിഭാഗത്തിൽ അവതാരക C.സീമയും പുരസ്കാരം ഏറ്റുവാങ്ങി.

✪✪✪

സംസ്ഥാനത്ത് അടുത്ത നാല് ദിവസം ചിലയിടങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴ സാധ്യത കണക്കിലെടുത്ത് ഇന്നും നാളെയും കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

ജലനിരപ്പ് കുറഞ്ഞതിനെ തുടർന്ന് കോഴിക്കോട് കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ കക്കയം ജലസംഭരണിയിലെ റെഡ് അലർട്ട് പിൻവലിച്ചു. 757.05 മീറ്ററാണ് ഇപ്പോഴത്തെ ജലനിരപ്പ്.

✪✪✪

കോഴിക്കോട് മുക്കത്ത് മൂന്ന് കിലോമീറ്ററോളം ഇരുവഞ്ഞിപ്പുഴയിൽ ഒഴുകിയെത്തിയ വയോധികയെ അഗ്നി രക്ഷാ സേനയും, നാട്ടുകാരും ചേർന്ന് രക്ഷപ്പെടുത്തി. ഉച്ചയ്ക്ക് രണ്ടരയോടെ അഗസ്ത്യമുഴി പാലത്തിനു സമീപം ഒഴുകിയെത്തിയ മാധവിയെന്ന 74 കാരിയെ കണ്ട ഓട്ടോഡ്രൈവർ ഫയർഫോഴ്സിനെ വിവരമറിയിക്കു കയായിരുന്നു.

✪✪✪

കൊയിലാണ്ടി, ബേപ്പൂർ ഹാർബറുകളിൽ നിന്ന് മീൻ പിടുത്തത്തിന് പോയി എഞ്ചിൻ തകരാറിനെ തുടർന്ന് കടലിൽ കുടുങ്ങിയ 41 മത്സ്യത്തൊഴിലാളികളെ മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം രക്ഷപ്പെടുത്തി. കൊയിലാണ്ടിയിൽ നിന്ന് പോയ പുളിയന്റെ ചുവട്ടിൽ എന്ന വള്ളവും ബേപ്പൂരിൽ നിന്നു പോയ മബ്റൂക്ക് എന്ന വള്ളവുമാണ് കടലിൽ കുടുങ്ങിയത്.

✪✪✪

LSS, USS സ്കോളർഷിപ്പ് കുടിശ്ശിക വിതരണം ചെയ്യാൻ 27 കോടി 61 ലക്ഷം രൂപ അനുവദിച്ചതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു. പരീക്ഷാഭവൻ പോർട്ടലിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയ 45,362 കുട്ടികൾക്ക് പത്ത് കോടി 46 ലക്ഷം രൂപ കൂടി വിതരണം ചെയ്യാൻ നടപടി തുടങ്ങിയതായും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

✪✪✪